# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 4396

## 25.10.2016 ലെ മറുപടിയ്ക്ക്

**അധിക ധനസമാഹരണത്തിന് ഇ-ട്രഷറി സംവിധാനം**

| | ചോദ്യം | ഉത്തരം |
|---|---|---|
| | **ശ്രീ.പി.കെ.ബഷീർ<br>ശ്രീ.എം. ഉമ്മർ<br>ശ്രീ.പി.കെ.അബ്ദു റബ്ബ്<br>ഡോ.എം.കെ.മുനീർ** | **ബഹുമാനപ്പെട്ട ധനകാര്യവും കയറും വകുപ്പ് മന്ത്രി<br>ശ്രീ. റ്റി. എം. തോമസ് ഐസക്ക്** |
| (എ) | അധിക ധനസമാഹരണത്തിന് ഇ-ട്രഷറി സംവിധാനം ഫലപ്രദമായി ഉപയോഗപ്പെടുത്താൻ സർക്കാരിന് സാധിച്ചിട്ടുണ്ടോ; | സർക്കാരിലേക്കുള്ള പണമൊടുക്കലും സർക്കാരിൽ നിന്നുള്ള പണവിതരണവും ഓൺലൈനായി നിർവ്വഹിക്കുന്നതിനുള്ള സംവിധാനമാണ് ഇ-ട്രഷറിയിലൂടെ നടപ്പിലാക്കിയിട്ടുള്ളത്. അധിക ധനസമാഹരണമല്ല മറിച്ച് നിലവിലുള്ള നികുതി സമാഹരണ സംവിധാനത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുക എന്നതാണ് ഈ സംവിധാനം കൊണ്ട് ഉദ്ദേശിക്കുന്നത്. ഓഫീസ് സന്ദർശിക്കാതെ തന്നെ ഇടപാടുകാർക്ക് ദിവസത്തിൽ 24 മണിക്കൂറും ഈ സംവിധാനത്തിലൂടെ സർക്കാരിലേയ്ക്കുള്ള പണമടയ്ക്കുന്നതിന് കഴിയും. മോട്ടോർവാഹനവകുപ്പുൾപ്പടെ പ്രധാന നികുതി നൽകുന്ന വകുപ്പുകളെ ഇ-ട്രഷറിയുമായി ബന്ധിപ്പിച്ചിട്ടുണ്ട്. |
| (ബി) | എങ്കിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഈയിനത്തിൽ കൈവരിക്കാനായ നേട്ടം വിശദമാക്കുമോ; | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഇ-ട്രഷറി സംവിധാനം ഉപയോഗിച്ച് 20,06,334 എണ്ണം ചെലാനുകളിലൂടെ Rs. 2128 കോടിയോളം സമാഹരിക്കാൻ കഴിഞ്ഞിട്ടുണ്ട്. കൂടുതൽ ബാങ്കുകളെ ഇ-ട്രഷറിയുമായി ബന്ധിപ്പിക്കുവാനും സാധിച്ചിട്ടുണ്ട്. |
| (സി) | ഇ-ട്രഷറി സംവിധാനം പൂർണമായി നടപ്പാക്കാൻ സാധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ? | ഇ-ട്രഷറി സംവിധാനം ഇതിനോടകം നടപ്പിലാക്കിയിട്ടുണ്ട്. നിലവിൽ 14 ബാങ്കുകളും 30 വകുപ്പുകളും ഇ-ട്രഷറി സംവിധാനത്തിലൂടെ ബന്ധിപ്പിച്ചിട്ടുണ്ട്. ഇ-ട്രഷറി സംവിധാനം വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി ഇ-ട്രഷറിയുമായി ബന്ധിപ്പിച്ചിട്ടുള്ള എല്ലാ ബാങ്കുകളുടെ എല്ലാ ശാഖകൾ വഴിയും അതുപോലെ എല്ലാ ട്രഷറി കൗണ്ടറുകൾ വഴിയും പണം സ്വീകരിക്കുന്നതിനുള്ള നടപടി അവസാന ഘട്ടത്തിലാണ്. മുഴുവൻ സർക്കാർ വകുപ്പുകളെയും ഇ-ട്രഷറി സംവിധാനവുമായി ബന്ധിപ്പിക്കുന്നതിനുള്ള നടപടികളും നടന്നുവരികയാണ്. |

സെക്ഷൻ ഓഫീസർ